**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2120** **05-02-2026-ൽ മറുപടിയ്ക്ക്**

**കുടുംബാംഗങ്ങൾ പരസ്പരം കൊല്ലുന്ന സംഭവങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. സജീവ് ജോസഫ്

ശ്രീമതി കെ. കെ. രമ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കുടുംബാംഗങ്ങൾ പരസ്പരം കൊല്ലുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിലയിരുത്താമോ ;

**മറുപടി:**

കുടുംബാംഗങ്ങൾ പരസ്പരം കൊല്ലുന്ന സംഭവങ്ങൾ വർദ്ധിക്കുന്നത് വളരെ ഗൗരവമായി കാണുന്നുണ്ട്. കുടുംബ ബന്ധങ്ങളിലെ വിള്ളലുകൾ, ആശയ വിനിമയക്കുറവ്, മദ്യപാനം, മയക്കു മരുന്ന് ഉപയോഗം, സാമ്പത്തിക പ്രശ്നങ്ങൾ, കുടുംബത്തിലെ അധികാര തർക്കങ്ങൾ, അപമാനം, വ്യക്തി വൈരാഗ്യങ്ങൾ, മറ്റ് സാമൂഹ്യ പ്രശ്നങ്ങൾ എന്നിവയാണ് ഇത്തരം സംഭവങ്ങൾ കൂടി വരുന്നതിന് പ്രധാന കാരണങ്ങളായി കണ്ടുവരുന്നത്. നിസ്സാരമായ തർക്കങ്ങൾ പോലും അക്രമാസക്തമാകുന്ന പ്രവണതകൾ വർദ്ധിച്ചു വരുന്നു. സിനിമകളിലെയും മറ്റ് ദൃശ്യമാധ്യമങ്ങളിലെയും അക്രമാസക്ത മായ രംഗങ്ങൾ, സാമൂഹ്യമാധ്യമങ്ങളുടെ അമിത സ്വാധീനം എന്നിവ അക്രമ സംഭവങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങ ളാണ്. സമൂഹത്തിന്റെ കൂട്ടായ ഇടപെട ലിലൂടെ മാത്രമേ ഇത്തരം ദുരന്തങ്ങൾ പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയൂ. കുടുംബാങ്ങൾക്കിടയിൽ ആശയ വിനിമയം മെച്ചപ്പെടുത്തുന്നതും പരസ്പര ബഹുമാനം നിലനിർത്തുന്നതും ഏറ്റവും വലിയ പ്രതിരോധമാണ്.

**(ബി)** കുടുംബാംഗങ്ങൾ പരസ്പരം കൊലപ്പെടുത്തുന്നതടക്കമുള്ള സംഭവങ്ങൾ ജനങ്ങളിൽ സൃഷ്ടിച്ച കടുത്ത ആശങ്ക പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മറുപടി:** കുടുംബാംഗങ്ങൾ പരസ്പരം കൊല പ്പെടുത്തുന്നതടക്കമുള്ള സംഭവങ്ങൾ ജനങ്ങളിൽ സൃഷ്ടിച്ച കടുത്ത ആശങ്ക പരിഹരിക്കുന്നതിനായി പോലീസ് സ്വീകരിച്ചു വരുന്ന പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.

ശാസ്ത്രീയ അന്വേഷണം. കുടുംബ ത്തിനുള്ളിൽ നടക്കുന്ന കൊലപാതക കേസുകളിൽ ഫോൺ രേഖകൾ, CCTV ദൃശ്യ ങ്ങൾ ഉടങ്ങിയ ഡിജിറ്റൽ തെളിവു കളും ഫോറൻസിക് പരിശോധന കളും ഉൾപ്പെടെയുള്ള ശാസ്ത്രീയ അന്വേഷണ മാർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി, പ്രതികളെ ഉടൻ പിടികൂടി, നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്നതിന് പോലീസ് പ്രത്യേക ശ്രദ്ധ പുലർത്തുന്നു.

ഇത്തരം കേസുകളിൽ അതിവേഗ അന്വേഷണം ഉറപ്പാക്കുന്നതിനായി പ്രത്യേക അന്വേഷണ സംഘ ങ്ങളെ നിയോഗിക്കുന്നു.

വിചാരണ നടപടികൾ വേഗത്തി ലാക്കുന്നതിനായി പ്രത്യേക കോടതികളുടെ സഹായവും തേടുന്നു.

സ്ത്രീകളുടെയും കുടുംബാംഗങ്ങളു ടെയും പരാതികളിൽ ഉടൻ തന്നെ നിയമ പരമായ നടപടികൾ സ്വീകരിക്കുന്നു.

ക്രിമിനൽ കേസുകളിൽ പ്രതികൾക്ക് എതിരെ ശക്തമായ തുടർ നടപടികളും പോലീസ് സ്വീകരിച്ചു വരുന്നു.

കുടുംബാംഗങ്ങൾക്കിടയിൽ തർക്ക ങ്ങൾ ഉണ്ടാകുന്ന സാഹചര്യ ങ്ങളിൽ പോലീസിൽ പരാതി ലഭിക്കുന്ന ഉടൻ ബന്ധപ്പെട്ടവരെ സ്റ്റേഷനിൽ വിളിച്ചു വരുത്തി പ്രശ്നങ്ങൾ സൗഹൃദപരമായി പരിഹരിക്കാൻ ശ്രമിക്കുന്നു.

ജില്ലാ പോലീസ് ആസ്ഥാന ങ്ങളിൽ പോലീസിന്റെ വനിതാ സെൽ രൂപീകരിച്ചു ആവശ്യമായ കൗൺസിലിംഗ് നൽകി വരുന്നുണ്ട്.

ലഹരി ഉപയോഗത്തിനെതിരെ പോലീസ് കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. 'യോദ്ധാവ്', എസ്.പി.സി., സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് തുടങ്ങിയ പദ്ധതികളിലൂടെ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തു ന്നതിനും അവർക്കെതിരെ നിയമ പരമായ നടപടി സ്വീകരിക്കുന്ന തിനും പ്രത്യേക ശ്രദ്ധ ചെലുത്തുന്നു.

എക്സൈസ് വകുപ്പിന്റെ 'വിമുക്തി' മിഷൻ വഴി ലഹരി ഉപയോഗ ത്തിനെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങളും ശക്തമാക്കി യിട്ടുണ്ട്.

ജനമൈത്രി പോലീസിന്റെ നേതൃ ത്വത്തിൽ വീടുകൾ സന്ദർശിച്ച് പ്രശ്ന ബാധിത കുടുംബങ്ങളെ കണ്ടെത്തി കൗൺസിലിംഗും പിന്തുണയും നൽകുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ ചികിത്സയും സഹായവും ഉറപ്പാക്കുന്നു. കുടുംബ കലഹങ്ങൾ ഗുരുതരമായ കുറ്റ കൃത്യങ്ങളിലേക്കു മാറാതിരിക്കാൻ ജനമൈത്രി പോലീസിന്റെ നേതൃ ത്വത്തിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

ഗാർഹിക പീഡനവും, സ്ത്രീകൾ ക്കെതിരെയുള്ള അക്രമങ്ങളും റിപ്പോർട്ട് ചെയ്യുന്നതിനായി 'അപരാജിത' സംവിധാനം പ്രവർത്തിക്കുന്നു.

കുട്ടികളുടെയും കുടുംബാംഗങ്ങളു ടെയും മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനായി 'ചിരി' കൗൺസിലിംഗ് ഹെൽപ്പ് ലൈൻ സംവിധാനം പ്രവർത്തിക്കുന്നു.

ആരോഗ്യ വകുപ്പിന്റെ 'ദിശ' (1056) ഹെൽപ്പ് ലൈൻ സേവനങ്ങൾ കൂടുതൽ വ്യാപിപ്പിച്ചിട്ടുണ്ട്.

കുടുംബശ്രീയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വാർഡ് തലത്തിൽ അയൽക്കൂട്ട ജാഗ്രതാ സമിതികൾ സജീവമാക്കിയിട്ടുണ്ട്. വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്നവരെ യോ മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്നവരെയോ കണ്ടെ ത്തി സഹായം നൽകുന്നതിൽ ഈ സമിതികൾ നിർണ്ണായക പങ്ക് വഹിക്കുന്നു.

കേരളാ പോലീസ് ജനമൈത്രി ഓർക്കസ്ട്ര, ഡ്രാമാ ടീമുകളുടെ ആഭിമുഖ്യത്തിൽ വിവിധ അവബോധ സന്ദേശ പരിപാടി കൾ ആവിഷ്കരിച്ച് സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ വഴി സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു വരുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**